## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189 | 04.05.2017-ൽ മറുപടിയ്ക്ക്

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായിട്ടാണോ ജില്ലാ സഹകരണ ബാങ്ക് ഭരണസമിതികളെ അസാധുവാക്കിക്കൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ലാ സഹകരണ ബാങ്ക് ഭരണസമിതികളുടെ ഘടനയിൽ മാറ്റം വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചത് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് മുന്നോടിയായിട്ടല്ല. |
| (ബി) | കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്കിന്റെ അനുമതി തേടിയിട്ടുണ്ടോ; | (ബി) | കേരളബാങ്ക് രൂപീകരണത്തിനായി റിസർവ്വ് ബാങ്കിന്റെ അനുമതി തേടിയിട്ടില്ല. |
| (സി) | പ്രസ്തുത ബാങ്ക് രൂപീകരണത്തിന് സംസ്ഥാനത്ത് നിലിവിലുള്ള ഏതൊക്കെ നിയമങ്ങളിൽ ഭേദഗതി ആവശ്യമുണ്ടെന്നും ഇക്കാര്യത്തിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ? | (സി) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 5 അംഗ വിദഗ്ദ്ധസമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കുന്ന അടിസ്ഥാനത്തിലാണ് ബാങ്ക് രൂപീകരണം സംബന്ധിച്ച മറ്റു കാര്യങ്ങളുമായി മുന്നോട്ടു പോകുക. അപ്പോൾ മാത്രമേ ഏതൊക്കെ നിയമങ്ങളിൽ ഭേദഗതി ആവശ്യമുണ്ടെന്ന കാര്യം കൃത്യമായി പരിശോധിക്കുകയുള്ളൂ. 28.04.2017-ന് വിദഗ്ദ്ധസമിതി സർക്കാരിന് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ